KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg — തിയ്യതി : 24.05.2024

## സർക്കുലർ 24/2024 (BD)

വിഷയം : നറുക്ക് ലേലച്ചിട്ടികളുടെ വൈവിധ്യവത്ക്കരണം സംബന്ധിച്ച്.

സൂചന :
1. 14.05.2024 ലെ 578-ാമത് ബോർഡ് യോഗത്തിലെ 10256-ാം നമ്പർ തീരുമാനം.
2. സർക്കുലർ നമ്പർ 16/2024 (BD) തിയ്യതി 22.04.2024
3. സർക്കുലർ നമ്പർ 84/2022 (BD) തിയ്യതി 12.12.2022
4. സർക്കുലർ നമ്പർ 13/2020 (BD) തിയ്യതി 11.03.2020
5. സർക്കുലർ നമ്പർ 69/2017 (BD) തിയ്യതി 07.12.2017

കെ.എസ്.എഫ്.ഇ. നറുക്കു ലേലച്ചിട്ടികൾ നടപ്പാക്കിയത് 07.12.2017 മുതലാണ്. തുടക്കം മുതലേ വൻ സ്വീകാര്യതയാണ് ഇത്തരം മൾട്ടി ഡിവിഷൻ ചിട്ടികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ മൾട്ടി ഡിവിഷൻ ചിട്ടികൾ നമ്മുടെ ചിട്ടി ബിസിനസ്സിന്റെ പ്രധാന ഭാഗമായി മാറി കഴിഞ്ഞു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം (2023-24) ആരംഭിച്ച ചിട്ടികളിൽ 210 കോടി രൂപയുടെ (23.28%) ബിസിനസ്സ് മൾട്ടി ഡിവിഷൻ ചിട്ടികളിലൂടെയാണ് നേടാൻ സാധിച്ചത്. മൾട്ടി ഡിവിഷൻ ചിട്ടിയുടെ പ്രാധാന്യവും, ദീർഘ കാലാവധിയുള്ള മൾട്ടി ഡിവിഷൻ ചിട്ടികളുടെ സ്വീകാര്യതയും, നറുക്കെടുപ്പ് എന്ന ആകർഷണീയതയും നില നിർത്തി കൊണ്ട് താരതമ്യേന കുറഞ്ഞ തോതിൽ വരിക്കാരെ ഉൾപ്പെടുത്തി മൾട്ടി ഡിവിഷൻ ചിട്ടിയെ കുറച്ചു കൂടി ആകർഷകമായി അവതരിപ്പിക്കുകയാണ്. അതിനായി നിലവിലുള്ള 4 ഡിവിഷൻ ചിട്ടിയോടൊപ്പം താഴെ പറയുന്ന മാതൃകയിലുള്ള ഡിവിഷൻ ചിട്ടികൾ കൂടി ആരംഭിക്കാവുന്നതാണ്.

| പേര് | നറുക്ക് - ലേലം (എണ്ണം) | | പരമാവധി കാലയളവ് (മാസം) | വരിക്കാരുടെ എണ്ണം |
|---|---|---|---|---|
| Two Division Chitty | 1 നറുക്ക് | 1 ലേലം | 60-80 | 120-160 |
| Three Division Chitty | 1 നറുക്ക് | 2 ലേലം | 50-80 | 150-240 |

### ഡിവിഷൻ ചിട്ടിയുമായി ബന്ധപ്പെട്ട മറ്റ് നിർദ്ദേശങ്ങൾ

1. മൾട്ടി ഡിവിഷൻ ചിട്ടികൾ ഇനി മുതൽ Two Division Chitty , Three Division Chitty, Four Division Chitty എന്നിങ്ങനെ അറിയപ്പെടുന്നതാണ്.
2. ഡിവിഷൻ ചിട്ടികളുടെ പ്രതിമാസ തവണ സംഖ്യ പരമാവധി 25000/- രൂപയായി തന്നെ നിജപ്പെടുത്തേണ്ടതാണ്.
3. 60 മാസം മുതൽ 80 മാസം വരെ കാലാവധിയുള്ള ചിട്ടികളിൽ 35% വരെ ലേല കിഴിവും അതിനു താഴെ കാലാവധിയുള്ള ചിട്ടികളിൽ 30% ലേല കിഴിവും അനുവദിക്കാവുന്നതാണ്.
4. ഡിവിഷൻ ചിട്ടിയിൽ അംഗങ്ങളെ ചേർക്കുമ്പോൾ ഒരു വ്യക്തിയ്ക്ക് ചേരാവുന്ന പരമാവധി ടിക്കറ്റുകളുടെ എണ്ണം നിലവിലുള്ളതുപോലെ ആ ചിട്ടിയിലെ മൊത്തം ടിക്കറ്റുകളുടെ 5% ആയി നിജപ്പെടുത്തേണ്ടതാണ്.

5. ചിട്ടി ലോൺ സൗകര്യം ഡിവിഷൻ ചിട്ടികളിലും ഉണ്ടായിരിക്കുന്നതാണ്.

6. ഡിവിഷനുകളുടെ എണ്ണം കൂടുന്തോറും ഡിവിഡന്റിൽ ഉണ്ടായേക്കാവുന്ന കുറവ് കണക്കിലെടുത്ത് പരമാവധി വരിക്കാരെ നേരിട്ടും പ്രോക്സി വഴിയും ലേലത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7. 2 ഡിവിഷൻ ചിട്ടി, 3 ഡിവിഷൻ ചിട്ടി എന്നിവ തുടങ്ങാൻ താല്പര്യമുള്ള ശാഖകൾ, പുതിയ ചിട്ടികൾക്കായുള്ള മുൻകൂർ അനുമതിയ്ക്കായി പൊതുവായിട്ടുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ അതിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. നിലവിൽ മൾട്ടി ഡിവിഷൻ ചിട്ടിയിൽ ഉപയോഗിക്കുന്ന ചിട്ടി ഉടമ്പടി, പാസ്സ് ബുക്ക്, ടോക്കണുകൾ തുടങ്ങിയവ പുതിയ ഡിവിഷൻ ചിട്ടികൾക്കും ഉപയോഗിക്കാവുന്നതാണ്.

9. ഡിവിഷൻ ചിട്ടികളിലെ മറ്റ് നിബന്ധനകളെല്ലാം തന്നെ നിലവിലെ രീതിയിൽ തുടരുന്നതാണ്.

ഡിവിഷൻ ചിട്ടികളുടെ വൈവിധ്യവത്ക്കരണത്തിലൂടെ ചിട്ടി വാർഷിക ലക്ഷ്യം അതിവേഗം നേടിയെടുക്കുന്നതിനോടൊപ്പം, ചിട്ടി ബിസിനസ്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ശാഖകൾ തുടരേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ